<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1003** **11-02-2025 - ൽ മറുപടിയ്ക്ക്**

**ഡാമുകളിലെ ജലസംഭരണ ശേഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചെളിയും മണലും അടിഞ്ഞ് ഡാമുകളിലെ ജലസംഭരണ ശേഷി ഗണ്യമായി കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഡാമുകളിലെ ജലസംഭരണശേഷി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. ജലസേചന വകുപ്പിന് കീഴിലുള്ള ഡാമുകളിൽ KERI പീച്ചി വിവിധ വർഷങ്ങളിലായി പരിശോധന നടത്തുകയും പ്രസ്തുത ഡാമുകളിൽ മണലും ചെളിയും അടിഞ്ഞുകൂടിയിട്ടുള്ളതായി പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. മംഗലം ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തിയുടെ റീടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. ചുള്ളിയാർ, മീങ്കര, വാളയാർ എന്നീ ഡാമുകളിൽ ഡീസിൽറ്റേഷൻ പ്രവൃത്തി പുരോഗമിക്കുന്നു. മലമ്പുഴ, മലങ്കര, കാരാപ്പുഴ, പഴശ്ശി, മണിയാർ, കുറ്റ്യാടി, നെയ്യാർ, തെന്മല എന്നീ ഡാമുകളിലെ ഡീസിൽറ്റേഷൻ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചു വരുന്നു. അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഡാമുകളിലെ ചെളിയും മണലും നീക്കി ജലസംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്. ജലസേചന വകുപ്പിന് കീഴിലുള്ള ഡാമുകളിൽ KERI പീച്ചി വിവിധ വർഷങ്ങളിലായി പരിശോധന നടത്തുകയും പ്രസ്തുത ഡാമുകളിൽ മണലും ചെളിയും അടിഞ്ഞുകൂടിയിട്ടുള്ളതായി പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. മംഗലം ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തിയുടെ റീടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. ചുള്ളിയാർ, മീങ്കര, വാളയാർ എന്നീ ഡാമുകളിൽ ഡീസിൽറ്റേഷൻ പ്രവൃത്തി പുരോഗമിക്കുന്നു. മലമ്പുഴ, മലങ്കര, കാരാപ്പുഴ, പഴശ്ശി, മണിയാർ, കുറ്റ്യാടി, നെയ്യാർ, തെന്മല എന്നീ ഡാമുകളിലെ ഡീസിൽറ്റേഷൻ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചു വരുന്നു. അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഡാമുകളിലെ ചെളിയും മണലും നീക്കുന്നതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ? | (ഡി) | ഡാമുകളിലെ ചെളിയും അടിഞ്ഞുകൂടിയിട്ടുള്ള വസ്തുക്കളും നീക്കുന്നതിന്റെ നടപടിക്രമങ്ങൾ ചുവടെ പരാമർശിക്കുന്ന വിധമാണ് നടപ്പിലാക്കുന്നത്.<br><br>1. അടിഞ്ഞുകൂടിയിട്ടുള്ള ചെളിയുടെയും മണ്ണിന്റെയും അളവുകൾ പ്രത്യേകം പ്രത്യേകം കൃത്യമായി കണക്കാക്കണം.<br><br>2. ഡീസിൽറ്റേഷൻ നടപ്പാക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ (Detailed Project Report) തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കണം.<br><br>3. വിശദമായ പദ്ധതി രേഖയുടെ അംഗീകാരം നേടിയെടുക്കണം.<br><br>4. ടെണ്ടർ നടപടികൾ പൂർത്തിയാക്കണം.<br><br>5. Agreement നടപ്പിലാക്കണം.<br><br>6. പ്രവൃത്തി നടപ്പിലാക്കണം. |

സെക്ഷൻ ഓഫീസർ